**മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയം, കേരളം**

നം. EL4/1/2024-ELEC
ഇലക്ഷൻ (ജനറൽ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 28-05-2025

<u>സർക്കുലർ</u>

വിഷയം:- ഉപതിരഞ്ഞെടുപ്പ്, 2025 - 35-നിലമ്പൂർ നിയമസഭാ മണ്ഡലം - ഹരിതചട്ട പാലനം - സംബന്ധിച്ച്.

സൂചന:- 1.സ.ഉ. (സാധാ) നം. 142/2024/ഇലക്. തീയതി. 15/03/2024

2.14/02/2024-ലെ WM3/47/2024/LSGD നമ്പർ സർക്കുലർ.

3.സർക്കുലർ നമ്പർ EL4/1/2024-ELEC തീയതി, 22/03/2024

************************

ആസന്നമായ 35-നിലമ്പൂർ നിയമസഭാ മണ്ഡല ഉപതിരഞ്ഞെടുപ്പ് ഹരിതചട്ടം പാലിച്ച് നടത്തേണ്ടതാണ്. പരിസ്ഥിതി സൗഹൃദ തിരഞ്ഞെടുപ്പ് സംബന്ധിച്ച് സൂചന (1) മുതൽ (3) വരെ പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവിലെയും സർക്കുലറുകളിലെയും വ്യവസ്ഥകൾ ഈ ഉപതിരഞ്ഞെടുപ്പിനും ബാധകമായിരിക്കും. മേൽ വ്യവസ്ഥകൾ അനുസരിച്ച് 35-നിലമ്പൂർ നിയമസഭാ മണ്ഡല ഉപതിരഞ്ഞെടുപ്പ് പരിസ്ഥിതി സൗഹൃദമായി നടപ്പിലാക്കാനുള്ള അധികാരം ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

ഡോ.രത്തൻ യു കേൽകർ ഐ എ എസ്
CHIEF ELECTORAL OFFICER &
SECRETARY

ഉത്തരവിൻ പ്രകാരം

Signed by
Shivlal R V
Date: 28-05-2025 12:24:14
സെക്ഷൻ ഓഫീസർ.

പകർപ്പ്

ജില്ലാ ഇലക്ഷൻ ഓഫീസർ / റിട്ടേർണിംഗ് ഓഫീസർ, മലപ്പുറം.
തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
കരുതൽ ഫയൽ (EL4/1/2024-ELEC)

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഇലക്ഷൻ വകുപ്പ് - ലോക് സഭാ ഇലക്ഷൻ 2024 — പരിസ്ഥിതി സൗഹൃദ തിരഞ്ഞെടുപ്പ് നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖകൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഇലക്ഷൻ (ജനറൽ) വകുപ്പ്

സ.ഉ.(സാധാ) നം.142/2024/ELEC തീയതി,തിരുവനന്തപുരം, 15-03-2024

---

പരാമർശം:-
1. സ.ഉ (സാധാ) നം. 130/2021/ഇലക്. തീയതി 04.03.2021
2. DO. No. W.M3/338/2023-LSGD
3. സ.ഉ(സാധാ)നം. 966/2023/ LSGD dtd.03.05.2023
4. സ.ഉ(സാധാ)നം. 1166/2023/LSGD dtd.05/06/2023

ഉത്തരവ്

2024 ലെ ആസന്നമായ ലോകസഭാ തിരഞ്ഞെടുപ്പ് പരിസ്ഥിതി സൗഹൃദ തിരഞ്ഞെടുപ്പ് ആയി നടത്തുന്നതിന്റെ ഭാഗമായി ഹരിത പരിപാലനചട്ടം വിജയകരമായി നടപ്പാക്കേണ്ടതുണ്ട്. ആയതിനാൽ മനുഷ്യനും, പരിസ്ഥിതിയ്ക്കും ആപൽക്കരമായ പ്ലാസ്റ്റിക്, പി.വി.സി, ഡിസ്പോസിബിൾ വസ്തുക്കൾ മുതലായവ പരമാവധി ഒഴിവാക്കി പുനരുപയോഗിക്കുവാൻ കഴിയുന്നതും, പുനഃചംക്രമണത്തിനു വിധേയമാക്കുവാൻ സാധിക്കുന്നതുമായ പരിസ്ഥിതി സൗഹൃദ വസ്തുക്കളുപയോഗിച്ച് 2024 ലെ ലോകസഭാ തിരഞ്ഞെടുപ്പ് പരിസ്ഥിതി സൗഹാർദ്ദമായി നടത്തുന്നതിന് സൂചന(3)(4) പ്രകാരമുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. വിവിധ സ്ഥാനാർത്ഥികളും, രാഷ്ട്രീയ പാർട്ടികളും, തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ഉപയോഗിക്കുന്ന ബോർഡുകൾ, ബാനറുകൾ, തുടങ്ങിയവ നിർമ്മിക്കുന്നതിന് പ്ലാസ്റ്റിക്, പി.വി.സി മുതലായ വസ്തുക്കൾ ഉപയോഗിക്കുന്നതിന് പകരം പുനഃചംക്രമണം ചെയ്യാവുന്നതും, പരിസ്ഥിതിയ്ക്ക് അനുയോജ്യമായതുമായ പ്രകൃതി സൗഹൃദ വസ്തുക്കൾ മാത്രം ഉപയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

2. രാഷ്ട്രീയ പാർട്ടികൾ പ്രചരണത്തിനും, അലങ്കാരത്തിനുമായി ഉപയോഗിക്കുന്ന കൊടി തോരണങ്ങൾ പൂർണ്ണമായും പ്ലാസ്റ്റിക്, പി.വി.സി വിമുക്തമാക്കേണ്ടതാണ്.

3. തിരഞ്ഞടുപ്പുമായി ബന്ധപ്പെട്ട ഔദ്യോഗിക പരസ്യങ്ങൾ, സൂചകങ്ങൾ, ബോർഡുകൾ തുടങ്ങിയവ പൂർണ്ണമായും കോട്ടൺ, പേപ്പർ, പോളിഎത്തിലീൻ തുടങ്ങിയ പുനഃചംക്രമണം ചെയ്യാൻ കഴിയുന്ന പരിസ്ഥിതി സൗഹാർദ്ദ വസ്തുക്കൾ മാത്രം ഉപയോഗിച്ച് നിർമ്മിക്കുന്നവ മാത്രമേ പ്രചരണ പരിപാടികൾക്ക് ഉപയോഗിക്കുവാൻ പാടുള്ളൂ.

4. പി.വി.സി. ഫ്ലക്സുകൾ, ബാനറുകൾ, ബോർഡുകൾ, പ്ലാസ്റ്റിക് കൊടി തോരണങ്ങൾ എന്നിവ സ്ഥാനാർത്ഥികളും, രാഷ്ട്രീയ പാർട്ടികളും പ്രചാരണത്തിനായി ഉപയോഗിക്കരുത്. പി.വി.സി. പ്ലാസ്റ്റിക് കലർന്ന കൊറിയൻ ക്ലോത്ത്, നൈലോൺ, പോളിസ്റ്റർ, പോളിസ്റ്റർ കൊണ്ടുള്ള തുണി, ബോർഡ് തുടങ്ങി പ്ലാസ്റ്റിക്കിന്റെ അംശമോ, പ്ലാസ്റ്റിക്ക് കോട്ടിങ്ങോ ഉള്ള പുനഃചംക്രമണസാധ്യമല്ലാത്ത എല്ലാത്തരം സാമഗ്രികളുടേയും ഉപയോഗം ഒഴിവാക്കേണ്ടതാണ്.

5. പരാമർശം (3)(4) ഉത്തരവുകളിലെ നിബന്ധനകൾ പാലിച്ച് കൊണ്ട് 100% കോട്ടൺ, പേപ്പർ, പോളി

എത്തിലീൻ തുടങ്ങിയ പുനഃചംക്രമണ സാധ്യമായ വസ്തുക്കൾ ഉപയോഗിച്ച് അച്ചടിക്കുന്ന ബാനറുകളോ, ബോർഡുകളോ മാത്രമേ പ്രചാരണ പരിപാടികൾക്ക് ഉപയോഗിക്കുവാൻ പാടുള്ളൂ.

6. നിരോധിത ഉൽപ്പന്നങ്ങളുടെ ഉപയോഗം കണ്ടെത്തിയാൽ അനുയോജ്യ നിയമ നടപടികൾ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ ആരംഭിക്കേണ്ടതാണ്.

7. രാഷ്ട്രീയ പാർട്ടികളുടെ ഇലക്ഷൻ ഓഫീസുകൾ അലങ്കരിക്കുന്നതിന് പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കേണ്ടതാണ്.

8. പോളിംഗ് ബൂത്തുകൾ സജ്ജമാക്കുമ്പോൾ നിരോധിത പ്ലാസ്റ്റിക് വസ്തുക്കൾ പൂർണ്ണമായും ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

9. തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ പരിശീലന പരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തേണ്ടതാണ്.

10. എല്ലാത്തരം നിരോധിത പ്ലാസ്റ്റിക് വസ്തുക്കളും, ഡിസ്പോസിബിൾ വസ്തുക്കളും പരമാവധി ഒഴിവാക്കിക്കൊണ്ട് മാലിന്യം രൂപപ്പെടുന്നതിനുള്ള സാഹചര്യം ഒഴിവാക്കേണ്ടതാണ്.

11. പോളിംഗ് ബൂത്തുകൾ/വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവയുടെ ക്രമീകരണത്തിനും, ഇലക്ഷൻ സാധന സാമഗ്രികളുടെ കൈമാറ്റത്തിനും പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പരമാവധി നിയന്ത്രിക്കണ്ടേതാണ്.

12. പോളിംഗ് ഉദ്യോഗസ്ഥരും, ഏജന്റുമാരും ഭക്ഷണ പദാർത്ഥങ്ങൾ, കുടിവെള്ളം മുതലായവ കൊണ്ടുവരുവാൻ പ്ലാസ്റ്റിക് ബോട്ടിലുകളും, കണ്ടെയിനറുകളും പരമാവധി ഒഴിവാക്കേണ്ടതാണ്.

13. തിരഞ്ഞെടുപ്പിന് ഔദ്യോഗികമായി നൽകുന്ന ഫോട്ടോ വോട്ടർ സ്ലിപ്പ് /രാഷ്ട്രീയ പാർട്ടികൾ നൽകുന്ന സ്ലിപ്പുകൾ എന്നിവ പോളിംഗ് ബൂത്തിന്റെ പരിസരങ്ങളിൽ ഉപേക്ഷിക്കുന്ന പ്രവണത കണ്ടു വരുന്നുണ്ട്. ഇത് ഒഴിവാക്കുന്നതിനായി ഇവ ശേഖരിച്ച് കളക്ഷൻ സെന്ററുകളിൽ എത്തിച്ച് സ്ക്രാപ്പ് ഡീലേഴ്സിനു കൈമാറാനുള്ള നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതാണ്.

14. പൊതു തിരഞ്ഞെടുപ്പിനു ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരള മിഷൻ, ശുചിത്വ മിഷൻ, സന്നദ്ധ സംഘടനകൾ, വിവിധ രാഷ്ട്രീയ പാർട്ടികൾ തുടങ്ങിയവയുടെ സഹായത്തോടെ ഇലക്ഷൻ ക്യാമ്പയിൻ മെറ്റീരിയലുകൾ നീക്കം ചെയ്ത് ശുചീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

15. മേൽ നിർദ്ദേശങ്ങൾ അനുസരിച്ച് വിവിധ വകുപ്പുകൾ, ശുചിത്വ മിഷൻ എന്നിവയുടെ ഏകോപനത്തിലൂടെ ഉചിതമായ നടപടികൾ സ്വീകരിച്ച് 2024 ലെ ലോകസഭാ തിരഞ്ഞെടുപ്പ് പരിസ്ഥിതി സൗഹാർദ്ദമായി നടപ്പിലാക്കുവാനുള്ള അധികാരം ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാരിൽ നിക്ഷിപ്തമാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സഞ്ജയ് എം കൗൾ
SECRETARY & CHIEF ELECTORAL OFFICER

To

എല്ലാ ജില്ലാ ഇലക്ഷൻ ഓഫീസർമാർക്കും/എല്ലാ റിട്ടേണിംഗ് ഓഫീസർമാർക്കും/
എല്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും /എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും

ഉത്തരവിൻ പ്രകാരം

Signed by
Shivlal R V
Date: 15-03-2024 13:58:40

സെക്ഷൻ ഓഫീസർ

I/6128100/2024

തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും/ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പ്, (വെബ് & മീഡിയ) തിരുവനന്തപുരം.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

കരുതൽ ഫയൽ (ഇഎൽ.4/1/2024/ഇലക്ഷൻ)

/6128100/2024

ഇലക്ഷൻ അടിയന്തരം

चुनाव का पर्व DESH KA GARV LOK SABHA ELECTION 2024

**മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയം, കേരളം**

നം. ഇഎൽ.4/1/2024/ഇലക്ഷൻ. തിരുവനന്തപുരം,

തീയതി: 22-03-2024

<u>സർക്കുലർ</u>

വിഷയം:- ലോക് സഭാ തിരഞ്ഞെടുപ്പ് 2024 - എംസിസി സ്ക്വാഡ്/ആന്റിഡിഫേസ്മെന്റ് സ്ക്വാഡ് പിടിച്ചെടുക്കുന്ന പോസ്റ്റർ, ബാനർ, കൊടിതോരണങ്ങൾ കൈകാര്യം ചെയ്യുന്നത് – സംബന്ധിച്ച്.

സൂചന:- 1) സ.ഉ.(സാധാ) നം.142/2024/ഇലക്ഷൻ. തീയതി 15/03/2024.
2) 14/02/2024-ലെ WM3/47/2024/LSGD നമ്പർ സർക്കുലർ.

ലോക് സഭയിലേയ്ക്ക് 2024-ൽ നടക്കുന്ന പൊതുതിരഞ്ഞെടുപ്പ് സംസ്ഥാനത്ത് ഹരിതചട്ടം പാലിച്ച് നടത്തണമെന്ന് സൂചന (1) പ്രകാരം ഉത്തരവായിരുന്നു.

2024 ലെ പൊതുതിരഞ്ഞെടുപ്പിന്റെ ഭാഗമായി എംസിസി സ്ക്വാഡ് ആന്റിഡിഫേസ്മെന്റ് സ്ക്വാഡ് പിടിച്ചെടുക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ/സ്ഥാനാർത്ഥികളുടെ പോസ്റ്റർ, ബാനർ, ബോർഡ് കൊടിതോരണങ്ങൾ എന്നിവ ചിലസന്ദർഭങ്ങളിൽ പൊതുസ്ഥലങ്ങളിലും സ്വകാര്യഭൂമിയിലും അലക്ഷ്യമായി വലിച്ചെറിയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സാഹചര്യത്തിൽ എംസിസി സ്ക്വാഡ്/ ആന്റിഡിഫേസ്മെന്റ് സ്ക്വാഡ് പിടിച്ചെടുക്കുന്ന പോസ്റ്റർ, ബാനർ, ബോർഡ്, കൊടിതോരണങ്ങൾ പൊതു/സ്വകാര്യ സ്ഥലങ്ങളിൽ വലിച്ചെറിയാതെ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ സൂചന (2) സർക്കുലർ പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ നിർദ്ദേശിക്കുന്ന ഏജൻസിക്കോ/ഹരിതകർമ്മസേനയ്ക്കോ/ജീവനക്കാർക്കോ കൈമാറുന്നതിനുള്ള നടപടി അതാത് സ്ക്വാഡ് സ്വീകരിക്കേണ്ടതാണ്. ഇതിന് വിരുദ്ധമായി ചെയ്യുന്നത് ഇലക്ഷൻ ചട്ടങ്ങൾക്കും സൂചന (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി പരിഗണിച്ച് നിയമനടപടി സ്വീകരിക്കുന്നതാണ്.

SANJAY M KAUL
SECRETARY & CHIEF ELECTORAL
OFFICER

ഉത്തരവിൻപ്രകാരം,

Signed by
Shivlal R V
Date: 22-03-2024 18:35:39
സെക്ഷൻ ഓഫീസർ.

എല്ലാ ജില്ലാ ഇലക്ഷൻ ഓഫീസർമാർക്കും/ എല്ലാ റിട്ടേണിംഗ് ഓഫീസർമാർക്കും/ എല്ലാ

I/6072114/2024

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം-WM3/47/2024-LSGD

തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 14-02-2024

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- മാലിന്യമുക്തം നവകേരളം -തദ്ദേശ സ്ഥാപനങ്ങളിലെ പാഴ് വസ്തു ശേഖരണവും കൈയൊഴിയലും സംബന്ധിച്ച്

സൂചന:- തദ്ദേശ സ്വയംഭരണ വകുപ്പ് (മാലിന്യ നിർമ്മാർജ്ജനം) അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 03.02.2024-ന് നടന്ന യോഗ തീരുമാനം.

**********************

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വീടുകൾ, സ്ഥാപനങ്ങൾ, ഓഫീസുകൾ, വ്യാപാര സ്ഥാപനങ്ങൾ ഇടങ്ങിയിടങ്ങളിൽ നിന്നും ഹരിതകർമ്മസേന ശേഖരിക്കുന്ന പാഴ് വസ്തുക്കളുടെ കൈയൊഴിയൽ യഥാസമയം നടക്കാത്തതായി കാണുന്നു. ഇത് മിനി എം.സി.എഫ്, എം.സി.എഫ് നിറഞ്ഞു കവിയുന്നതിന് കാരണമാകുന്നു. മാത്രമല്ല വാതിൽപ്പടി ശേഖരിക്കുന്ന വസ്തുക്കൾ പൊതു ഇടങ്ങളിൽ സംഭരിക്കുന്നതായും കണ്ടുവരുന്നു. ഇവ പൂർണ്ണമായും ഒഴിവാക്കേണ്ടതുള്ളതിനാൽ വാതിൽപ്പടി ശേഖരണവും പാഴ് വസ്തുക്കളുടെ നീക്കവും യഥാസമയം ഉറപ്പ് വരുത്തുന്നത് സംബന്ധിച്ച് ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

**വാതിൽപ്പടി ശേഖരണവും —ശേഖരിക്കുന്ന പാഴ് വസ്തുക്കൾ യഥാസമയം നീക്കം ചെയ്യുന്നതിനും ഉറപ്പാക്കേണ്ട പ്രവർത്തനങ്ങൾ**

1) വാതിൽപ്പടി ശേഖരണം നടത്തുന്നതിനായി വീടുകളിലും സ്ഥാപനങ്ങളിലും ഹരിതകർമ്മസേന സന്ദർശിക്കുന്ന ദിവസവും സമയവും മുൻകൂട്ടി അറിയിക്കേണ്ടതാണ്. ഇതിനായി തദ്ദേശ സ്ഥാപനം കലണ്ടർ തയ്യാറാക്കി വീടുകൾക്കും സ്ഥാപനങ്ങൾക്കും നൽകണം.
2) എതെങ്കിലും കാരണവശാൽ വാതിൽപ്പടി ശേഖരണ ദിവസത്തിൽ മാറ്റം സംഭവിച്ചാൽ ആ വിവരം മുൻകൂട്ടി മാലിന്യ ശേഖരണം നടത്തുന്ന വീടുകളെയും സ്ഥാപനങ്ങളെയും അറിയിക്കണം. ആവശ്യമെങ്കിൽ വീടുകൾ, സ്ഥാപനങ്ങൾ ഹരിതകർമ്മസേന എന്നിവ ചേർന്ന് വാട്സാപ്പ് ഗ്രൂപ്പ് ഉണ്ടാക്കാവുന്നതാണ്.
3) നിശ്ചയിക്കപ്പെട്ട പ്രദേശങ്ങളിൽ എല്ലാ ദിവസവും ഹരിത കർമ സേന മാലിന്യ ശേഖരണം പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കണം.
4) ശേഖരിക്കുന്ന പാഴ്വസ്തുക്കൾ പൊതു നിരത്തിലും പൊതു സ്ഥലങ്ങളിലും സ്വകാര്യ ഇടങ്ങളിലും

സംഭരിക്കാൻ പാടില്ല. എം.സി.എഫ്/മിനി എം.സി.എഫ് -ലേക്ക് അതാത് ദിവസം തന്നെ മാറ്റണം.

5) സാനിട്ടറി മാലിന്യം ഒഴികെയുള്ള എല്ലാ അജൈവ പാഴ്വസ്തുക്കളും കലണ്ടർ പ്രകാരം ശേഖരിക്കണം.

6) വാതിൽപ്പടി ശേഖരണം, പാഴ് വസ്തു നീക്കം യഥാസമയം നടക്കാതിരിക്കൽ, എം.സി.എഫ് / മിനി എം.സി.എഫുകളിലല്ലാതെ പാഴ്വസ്തുക്കൾ സംഭരിക്കുക മുതലായവ സംഭവിച്ചാൽ ചുമതലക്കാരായ ഉദ്യോഗസ്ഥരുടെ കൃത്യ നിർവ്വഹണ വീഴ്ചയായി കണക്കാക്കി വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതാണ്.

7) ഹരിത മിത്രം ആപ്പ് നിലവിൽ വന്ന തദ്ദേശ സ്ഥാപനങ്ങളിലെ മാലിന്യ ശേഖരണ പ്രവർത്തനങ്ങൾ നിർബന്ധമായും ഹരിത മിത്രം ആപ്പ് വഴി ആയിരിക്കണം , ഇതിന്റെ ഉത്തരവാദിത്വം നോഡൽ ഓഫിസർക്കായിരിക്കും.

8) വാതിൽപ്പടി ശേഖരണം, യൂസർ ഫീ കളക്ഷൻ, പാഴ് വസ്തു നീക്കം, മാലിന്യ സംസ്കരണ സംവിധാനങ്ങൾ തുടങ്ങിയ വിവരങ്ങൾ വാർ റൂം പോർട്ടലിൽ എല്ലാ മാസവും കൃത്യമായി രേഖപ്പെടുത്തേണ്ട ഉത്തരവാദിത്തം നോഡൽ ഓഫിസർക്കും, ടി വിവരങ്ങൾ രേഖപ്പെടുത്തിയെന്ന് ഉറപ്പ് വരുത്തേണ്ട ചുമതല സെക്രട്ടറിയ്ക്കുമായിരിക്കും. വിവരങ്ങൾ യഥാസമയം രേഖപ്പെടുത്താതിരിക്കൽ, തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തുക മുതലായവ സംഭവിച്ചാൽ സെക്രട്ടറിക്കെതിരെ ചുമതല നിർവ്വഹണ വീഴ്ചയായി കണക്കാക്കി വകുപ്പുതല നടപടി സ്വീകരിക്കുന്നതാണ്.

9) തദ്ദേശ സ്ഥാപന തലത്തിൽ എല്ലാ ദിവസവും പാഴ് വസ്തു ശേഖരണത്തിനും, നീക്കം ചെയ്യുന്നതിനും ചുമതലയുള്ള ഉദ്യോഗസ്ഥൻ സ്ഥാപന തലത്തിൽ യോഗം ചേർന്ന് പ്രവർത്തനം അവലോകനം ചെയ്യുകയും സെക്രട്ടറിക്ക് രേഖാമൂലം റിപ്പോർട്ട് നൽകുകയും വേണം.

10) ചുമതല ഉള്ള ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥൻ, ഹരിത കർമസേന കൺസോർഷ്യം സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ യോഗം എല്ലാ ആഴ്ചകളിലും തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി വിളിച്ചു ചേർത്ത് മാലിന്യ ശേഖരണത്തിൽ ഹരിതകർമ്മസേന നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണണം.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങളുടെ മുഖ്യചുമതല തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയ്ക്കും നടത്തിപ്പിന്റേയും ഏകോപനത്തിന്റെയും ചുമതല നോഡൽ ഓഫീസർ/ ചാർജ്ജ് ഓഫീസർക്കുമായിരിക്കും. നോഡൽ ഓഫീസർ/ ചാർജ്ജ് ഓഫീസർ ചുവടെ പറയുന്നവരെ ഉൾപ്പെടുത്തി ഒരു ടീമായി പ്രവർത്തിക്കേണ്ടതാണ്.

| ഗ്രാമപഞ്ചായത്ത് | നഗരസഭ | കോർപ്പറേഷൻ |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി / വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (നോഡൽ ഓഫീസർ),കെയർ ടേക്കർ ഉള്ള സ്ഥലങ്ങളിൽ കെയർ ടേക്കർ,ഹരിത സഹായ സ്ഥാപനത്തിലെ പഞ്ചായത്തിന്റെ ചുമതലക്കാരൻ (ഹരിത സഹായ | ക്ലീൻ സിറ്റി മാനേജർ(നോഡൽ ഓഫീസർ),സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ,പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ,ഹരിത കർമ സേന കൺസോർഷ്യം പ്രസിഡന്റ്/സെക്രട്ടറി | ക്ലീൻ സിറ്റി മാനേജർ(നോഡൽ ഓഫീസർ),സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ,പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ,ഹരിത കർമ |

| | | |
|---|---|---|
| സേവനം ഉപയോഗപ്പെടുത്തുന്ന തദ്ദേശ സ്ഥാപനങ്ങളിൽ) | | സേന കൺസോർഷ്യം പ്രസിഡന്റ്/സെക്രട്ടറി |
| | | |
| | | |

ഇതു സംബന്ധിച്ച ഓഫീസ് ഉത്തരവ് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി പുറപ്പെടുവിക്കേണ്ടതാണ്.

കെ മുഹമ്മദ് വൈ സഫിറുള്ള
സ്പെഷ്യൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
M.k.pradeesh Kumar
Date: 15-02-2024 16:25:42
സെക്ഷൻ ഓഫീസർ.

പകർപ്പ്

(1) കോർഡിനേറ്റർ നവകേരളമിഷൻ കർമ്മപദ്ധതി
(2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
(3) എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വമിഷൻ
(4) എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ
(4) ജില്ലാ ജോയിന്റ് ഡയറക്ടർമാർ, തദ്ദേശ സ്വയംഭരണ വകുപ്പ്
(5) എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രസിഡന്റ്/സെക്രട്ടറി
(ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)
(6) ഡയറക്ടർ(I&PRD),വെബ് & മീഡിയ
(7) കരുതൽ ഫയൽ/ഓഫീസ് കോപ്പി